# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3526** **12.05.2017-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷി വ്യാപനവും മത്സ്യ വിത്തുകളുടെ ഉല്പാദനവും

| ചോദ്യം<br>**ശ്രീ.യു. ആർ. പ്രദീപ്** | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കാനും മത്സ്യ ലഭ്യത ഉറപ്പുവരുത്തുവാനും മത്സ്യ വിത്തുകളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | എ) ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യലഭ്യത ഉറപ്പു വരുത്തുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ജലകൃഷി വ്യാപന പദ്ധതികൾ<br>2. നീലവിപ്ലവം പദ്ധതി<br>3. നൂതന മത്സ്യ കൃഷി പദ്ധതി<br>4. ഓപ്പൺ വാട്ടർ റാഞ്ചിംഗ്<br>5. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി<br>6. മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്ന പദ്ധതി<br>7. നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നവീകരണ പദ്ധതി<br>8. മത്സ്യസമൃദ്ധി II പദ്ധതി<br>കൂടാതെ, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമെറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി കൈപ്പാട്-പൊക്കാളി പദ്ധതിയും, നിലവിൽ ഒരു നെല്ലും ഒരു മീനും പദ്ധതിയും, മത്സ്യവിത്തുക്കളുടെ ഉത്പാദനത്തിന് സ്വയം പര്യാപ്ത കൈവരിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതിയും, നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പാക്കി വരുന്നു. |
| ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ കൃഷി വഴി പ്രതിവർഷം ശരാശരി എത്ര ടൺ മത്സ്യം ഉല്പാദിപ്പിക്കുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വഴി 2016-17 സാമ്പത്തിക വർഷം 40,000 മെട്രിക് ടൺ മത്സ്യം ഉത്പാദിപ്പിക്കപ്പെട്ടതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**